# കേരള സംസ്ഥാനഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
## ഓഡിറ്റ് റിപ്പോർട്ട് 2015-2016

### ജില്ലാ ഓഡിറ്റ് കാര്യാലയം
### സിവിൽ സ്റ്റേഷൻ ,കോഴിക്കോട്

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി4/2075/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ – 0495-2371012

തീയതി – 30.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ

- ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി4/2075/2016 തീയതി -30.11.2016

## കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ

# 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

## ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട്ജില്ലയിലെ ചെറുവണ്ണൂർഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 05.11.16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഭാഗീകമായി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച് ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ കെ.കെ.സതീഷ് കുമാർ ,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 5.11.16 മുതൽ 17.11.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ കെ.എം ബാലകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ |
| | ശ്രീ എൻ.രാജീവൻ ,സീ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി .കെ.ധന്യ,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ശ്രീലേഖ പയ്യത്ത് | 01.04.2015 – 30.09.2015 |
| | അഡ്ഹോക്ക് കമ്മറ്റി | 01.10.15- 18.11.15 |
| | കെ.പി.ബിജു | 19.11.15 – 31.3.16 |
| സെക്രട്ടറി | ശ്രീ. പി സുരേഷ് | 01.04.2015 – 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ അനിൽ കുമാർ. ടി | 01.04.2015 – 19.08.2015 |
| | ശ്രീ പി.പി.മണിയപ്പൻ | 07.09.15 - 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ചിത്തിരബാനു രവീന്ദ്രൻ | 01.04.2015 - 21.07.15 |
| | ലിജി.ടി.എൻ | 07.08.15- 31.03.16 |
| കൃഷിഓഫീസർ | ശ്രീമതി. ഡോണ കരുപ്പള്ളി | 01.04.2015 – 31.03.2016 |
| ഹെഡ്മാസ്റ്റർ | ശ്രീ. ശ്രീധരൻ കെ | 01.04.2015 – 31.03.2016 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | | |
| വി ഇ ഒ (ആവള) | ശ്രീ. വിനയൻ. സി ഒ | 01.04.2015 – 31.03.2016 |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ. മാധവശർമ്മ ബിനോയ് | 01.04.2015 – 31.03.2016 |
| മെഡിക്കൽഓഫീസർ, ഹോമിയോമെഡിക്കൽഓഫീസർ, | ഡോ. സോണി . ബി ജെ | 01.04.2015 – 31.03.2016 |
| മെഡിക്കൽഓഫീസർ,ആയൂർവ്വേദം | ഡോ. സീന ബി മഠത്തിൽ | 1.04.2015 – 31.03.2016 |
| വെറ്ററിനറി സർജൻ | ഡോ. അമൂല്യ പി എൻ | 01.04.2015 – 31.03.2016 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജമീല കെ | 01.04.2015 – 07.09.2015 |
| | രജനി.പി | 08.09.15- 31.03.16 |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| | ഭാഗം 1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വസ്തു നികുതിപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 12 | ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയില്ല . | 2-2 |
| 13 | തൊഴിൽ നികുതി പരിശോധനയിൽ കണ്ട അപാകതകൾ | 2-3 |
| 14 | പരസ്യ നികുതി ഈടാക്കിയില്ല | 2-4 |
| 14 | വാർഷിക കണക്കിലെ അപാകതകൾ | 2-5 |
| | ഭാഗം 3 | |
| 15 | കാർഷിക മൃഗസംരക്ഷണ മേഖലകളിൽ പദ്ധതികൾ കുറവ് | 3-1 |
| 16 | മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു | 3-2 |
| 17 | പഞ്ചായത്ത് ഓഫീസ് പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് റോഡ് - കോൺക്രീറ്റിന് അധിക തുക നൽകി | 3-3 |
| 18 | നിരപ്പം സ്റ്റേഡിയം മാവിലാട്ട് താഴെ റോഡ് - കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-4 |
| 19 | മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു | 3-5 |
| 20 | എം.പി.ഫണ്ടിൽ നിന്ന് 60% മുൻകൂർ കൈപ്പറ്റിയ പ്രവൃത്തി പൂർത്തിയാക്കിയില്ല | 3-6 |
| 21 | സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെ ആർജ്ജിതാവധി സറണ്ടർ ചെയ്തു നൽകി | 3-7 |

| | | |
|---|---|---|
| 22 | സർക്കാരിലേക്ക് ഒടുക്കാനുള്ള നികുതികൾ / സെസ്സുകളിൽ കുടിശ്ശിക | 3-8 |
| 23 | കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പരിപാലന കമ്മിറ്റിക്ക് കൈമാറിയില്ല | 3-9 |
| 24 | യാത്രാബത്ത നൽകിയതിലെ അപാകതകൾ | 3-10 |
| 25 | സമഗ്ര തെങ്ങ് കൃഷി വികസനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-11 |
| 26 | വിനിയോഗസാക്ഷ്യപത്രംഹാജരാക്കിയില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു | 3-12 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ഇതുവരേയും ലഭ്യമായില്ല. | 3-13 |
| 28 | എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല | 3-14 |
| 29 | ഗ്രാമപഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ,എർത്തിംഗ് പ്രവൃത്തി പൂർത്തീകരിച്ചില്ല. | 3-15 |
| 30 | സമഗ്ര വിദ്യാഭ്യാസ പരിപാടി പദ്ധതി നടത്തിപ്പിൽ അപാകത | 3-16 |
| 31 | ഹോമിയോ ആശുപത്രിക്ക് സ്ഥലവും കെട്ടിടവും വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-17 |
| 32 | ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ അപാകത | 3-18 |
| 33 | കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല. | 3-19 |
| 34 | ഭരണസമിതി -തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 3-20 |
| 35 | അഡ്വാൻസ് ക്രമീകരിക്കാത്തത് സംബന്ധിച്ച്. | 3-21 |
| | ഭാഗം 4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വരഡഡപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 4.3.16തിയതിയിലെ 31/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.16 | 23.7.16 | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 05.11.16 | |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 16301761 |
| വരവ് | 3,75,84,651 |
| ആകെ | 53886412 |
| ചെലവ് | 4,52,63,648 |
| നീക്കിയിരിപ്പ് | 86,22,764 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1614634 | 2503061 | 11236969 | 8520136 | 0 | 78 |
| വികസനഫണ്ട് എസ്.സി.പി. | 4764371 | 3596565 | 8360936 | 4444748 | 0 | 42 |
| വികസനഫണ്ട് ടി.എസ്.പി. | - | | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 1829376 | 4166444 | 5995820 | 5995820 | 0 | 80 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 962413 | 596044 | 1558457 | 1558457 | 0 | 45 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2213449 | 6126499 | 8339948 | 5253473 | 0 | 88 |
| പെർഫോമൻസ് ഗ്രാന്റ് | 177951 | 116611 | 294562 | 177951 | 0 | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 75646 | 25573346 | 25648992 | 25647721 | 1271 | - |
| ബി ഫണ്ട് | - | 27511365 | 27511365 | 27511365 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 46526524 | 145 | 28568756 | 39 | 52 | 73.6 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം21ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 18,61,490 | 22,50,388 | (+) 3,88,898 | 21 |
| നികുതിയേതര വരവുകൾ | 13,90,535 | 4,05,866 | (-) 9,84,669 | |
| മറ്റുവരവുകൾ | 0 | 2,86,936 | (+)2,86,936 | |
| ആകെ | 32,52,025 | 29,43,190 | (-) 3,08,835 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 788520 | 411 |
| കർഷകതൊഴിലാളി പെൻഷൻ | 7163550 | 941 |
| വിധവാപെൻഷൻ | 7969200 | 828 |
| വാർദ്ധക്യകാലപെൻഷൻ | 8263680 | 911 |
| വികലാംഗപെൻഷൻ | 2998215 | 280 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.11.16 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ തലേ ദിവസത്തെ നീക്കിയിരിപ്പ് തുക 1369രൂപ ക്യാഷ് ബാങ്കിൽ അടവാക്കിയത് ബോധ്യപ്പെട്ടു .

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതിപരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾചുവടെ ചേർക്കുന്നു.

1. ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

വാർഷിക കണക്ക പ്രകാരം 2013-14 ൽ 100 % വസ്തുനികുതി പിരിവുള്ള ഗ്രാമപഞ്ചായത്തിൽ 14-15 ലെ വാർഷിക കണക്ക പ്രകാരം തൻവർഷം 5,49,805 /- രൂപയും കുടിശ്ശിക 3,27,989/- രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട് . 2015-16 ൽ വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല വാർഷിക കണക്കപ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|

| | | |
|---|---|---|
| 1238654 | 1143211 (തൻവർഷം) | 95443 (തൻവർഷം) |
| | 451267 (കുടിശ്ശിക ) | 426527 (കുടിശ്ശിക) |

2 കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല

തൻവർഷം കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ കുടിശ്ശിക നികുതി പിരിവിലുള്ള പുരോഗതി പരിശോധിക്കാൻ സാധിച്ചിട്ടില്ല.കൂടാതെ രജിസ്റ്ററിലെ നീക്കിയിരിപ്പുതുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാനും സാധിച്ചിട്ടില്ല.

3. വസ്തുനികുതി ഈടാക്കിയതിൽ കുറവ്

2013-14 മുതൽ വസ്തുനികുതി പരിഷ്കരണം പ്രാബല്യത്തിൽ വന്ന ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ അംഗീകരിച്ച നിരക്ക് പ്രകാരം -- വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ ,ഷോപ്പുകൾ , ഗോഡൗണുകൾ മുതലായവക്ക് ച.മീറ്ററിന് 40 രൂപയും ,വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ ,റസ്റ്റോറന്റുകൾ ,ഷോപ്പുകൾ ,ഗോഡൗണുകൾ മുതലായവക്ക് ച.മീറ്ററിന് 50 രൂപയും ആണ് നിരക്ക് . എന്നാൽ പഞ്ചായത്ത് അംഗീകരിച്ച നിരക്ക് പ്രകാരം നികുതി ഈടാക്കാത്ത ഏതാനും കെട്ടിടങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് നമ്പർ | കെട്ടിട ഉടമയുടെ പേര് | ഉപയോഗത്തിന്റെ തരം | പ്ലിന്ത് ഏരിയ | നിർണ്ണയിച്ച നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ടത് | കുറവ് |
|---|---|---|---|---|---|---|
| 7447 to 7450 | ഹസ്സൻ കുട്ടി | വാണിജ്യം | 26.365m2 വിസ്തീർണ്ണമുള്ള 4 മുറികൾ = ആകെ 105.46m2 | 26.365 @ 40 = 1055<br>റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%= 211<br>അടിസ്ഥാന വസ്തുനികുതി =1266<br>ലൈ.സെസ്-5% = 63<br>(ഒരു മുറിക്ക്) ആകെ = 1329<br>4 മുറിക്ക് = 5316 | 26.365 @ 50 = 1318<br>റോഡിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് 20%= 264<br>അടിസ്ഥാന വസ്തുനികുതി =1582<br>ലൈ.സെസ്-5% = 79<br>(ഒരു മുറിക്ക്) ആകെ = 1661<br>4 മുറിക്ക് = 6644 | 1328 |
| 7489 to 7489 | ഫാത്തിമ | വാണിജ്യം | ആകെ വിസ്തീർണ്ണം 272.97m2<br>20.35 m2 വീതമുള്ള 6 മുറികളും 21.55 m2 വീതമുള്ള 7 മുറികളും | 20.35 @ 40 = 814<br>+15% വർദ്ധനവ് = 977<br>ലൈ.സെസ്-5% = 49<br>ആകെ = 1026<br>6 മുറികൾക്കും ചേർത്ത് = 6156 | 20.35 @ 50 = 1018<br>+15% വർദ്ധനവ് = 1171<br>ലൈ.സെസ്-5% = 59<br>ആകെ = 1230<br>6 മുറികൾക്കും ചേർത്ത് = 7920 | 1764 |
| 7437 to 7440 | അബ്ദുൾ ഹമീദ് | വാണിജ്യം | ഗ്രൗണ്ട് ഫ്ലോർ 1 ) 49.72 m2<br>ഫസ്റ്റ് ഫ്ലോർ<br>2 ) 68.26m2<br>(25m2 വീതമുള്ള 2 മുറികളും 18.26 m2 വീതമുള്ള 1മുറികളും ചേർത്ത് ആകെ 68.26m2) | 49.72 @ 40 = 1989<br>മേഖല വർദ്ധനവ് +20% =398<br>അടിസ്ഥാന വസ്തു നികുതി =2387<br>ലൈ.സെസ്-5% = 120<br>ആകെ = 2507<br>25 @ 40 = 1000<br>മേഖല വർദ്ധനവ് +20% =200<br>ഒന്നാംനില ഇളവ് 5% = 50<br>അടിസ്ഥാന വസ്തു നികുതി = 1140<br>ലൈ.സെസ്-5% = 57 | 49.72 @ 50 = 2486<br>മേഖല വർദ്ധനവ് +20% =497<br>അടിസ്ഥാന വസ്തു നികുതി =2983<br>ലൈ.സെസ്-5% = 149<br>ആകെ = 3132<br>25 @ 50 = 1250<br>മേഖല വർദ്ധനവ് +20% =250<br>ഒന്നാംനില ഇളവ് 5% = 63<br>അടിസ്ഥാന വസ്തു നികുതി = 1437<br>ലൈ.സെസ്-5% = 72 | 625+<br>3018+227 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ആകെ (ഒരു മുറിക്ക് ) = 1197<br>2മുറിക്ക് = 2394 | ആകെ (ഒരു മുറിക്ക് ) = 1509<br>2മുറിക്ക് = 3018 | |
| | | | | 18.26 @ 40 = 730<br>മേഖല വർദ്ധനവ് +20% =146<br>ഒന്നാംനില ഇളവ് 5% = 37<br>അടിസ്ഥാന വസ്തു നികതി = 834<br>ലൈ.സെസ്-5% = 42<br>ആകെ = 876 | 18.26 @ 50 = 913<br>മേഖല വർദ്ധനവ് +20% =183<br>ഒന്നാംനില ഇളവ് 5% = 46<br>അടിസ്ഥാന വസ്തു നികതി = 1050<br>ലൈ.സെസ്-5% = 53<br>ആകെ = 1103 | |
| 7507<br>to 7520 | കനോത്ത്അബ്ദു റഹ്മാൻ | വാണിജ്യം | 41.2 m2<br>ഏരിയ മുറികളുടെ എണ്ണം<br>22 m2 = 5<br>30 m2= 1<br>25 m2= 1<br>74 m2= 1<br>40m2 = 1<br>23 m2 = 1<br>18.2 m2 =1<br>21 m2 = 2<br>56 m2= 1<br>14<br>മേഖലയുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് + 20% | 22 @ 40 = 880<br>+20% = 176<br>ആകെവസ്തു നികതി = 1056<br>ലൈ.സെസ്- = 53<br>ഒരു മുറിക്ക് = 1109<br>5മുറിക്ക് = 5545 | 22 @ 50 = 1100<br>+20% = 220<br>ആകെവസ്തു നികതി = 1320<br>ലൈ.സെസ്- = 66<br>ഒരു മുറിക്ക് = 1386<br>5മുറിക്ക് = 6930 | 1385+<br>378+<br>315+<br>932+<br>504+<br>290+<br>229+<br>530+<br>706+ |
| | | | | 30 @ 40 = 1200<br>+20% =240<br>ആകെവസ്തു നികതി = 1440<br>ലൈ.സെസ്- = 72<br>ഒരു മുറിക്ക് = 1512 | 30 @ 500 = 1500<br>+20% =300<br>ആകെവസ്തു നികതി = 1800<br>ലൈ.സെസ്- =90<br>ഒരു മുറിക്ക് = 1890 | |
| | | | | 25 @ 40 = 1000<br>+20% =200<br>ആകെവസ്തു നികതി = 1200<br>ലൈ.സെസ്- = 60<br>ഒരു മുറിക്ക് = 1260 | 25 @ 500 = 1250<br>+20% =250<br>ആകെവസ്തു നികതി = 1500<br>ലൈ.സെസ്- = 75<br>ഒരു മുറിക്ക് = 1575 | |
| | | | | 74@ 40 = 2960<br>+20% =592<br>ആകെവസ്തു നികതി = 3552<br>ലൈ.സെസ്- = 178<br>ഒരു മുറിക്ക് = 3730 | 74@ 50= 3700<br>+20% =740<br>ആകെവസ്തു നികതി = 4440<br>ലൈ.സെസ്- =222<br>ഒരു മുറിക്ക് = 4662 | |
| | | | | 40 @ 40 = 1600<br>+20% =320<br>ആകെവസ്തു നികതി = 1920<br>ലൈ.സെസ്- = 96<br>ഒരു മുറിക്ക് = 2016 | 40 @ 50 = 2000<br>+20% =400<br>ആകെവസ്തു നികതി = 2400<br>ലൈ.സെസ്- = 120<br>ഒരു മുറിക്ക് = 2520 | |
| | | | | 23@ 40 = 920<br>+20% =184<br>ആകെവസ്തു നികതി = 1104<br>ലൈ.സെസ്- = 55<br>ഒരു മുറിക്ക് = 1159 | 23@ 50 =1150<br>+20% =230<br>ആകെവസ്തു നികതി = 1380<br>ലൈ.സെസ്- = 69<br>ഒരു മുറിക്ക് = 1449 | |

| | | | | | | |
|---|---|---|---|---|---|---|
| | | | | 18.2 @ 40 = 728<br>+20% =146<br>ആകെവസ്തു നികുതി = 874<br>ലൈ.സെസ്- = 44<br>ഒരു മുറിക്ക് = 918 | 18.2 @ 50 = 910<br>+20% =182<br>ആകെവസ്തു നികുതി = 1092<br>ലൈ.സെസ്- = 55<br>ഒരു മുറിക്ക് = 1147 | |
| | | | | 21 @ 40 = 840<br>+20% =168<br>ആകെവസ്തു നികുതി = 1008<br>ലൈ.സെസ്- = 50<br>ഒരു മുറിക്ക് = 1058<br>2മുറിക്ക് =2116 | 21 @ 50 = 1050<br>+20% =210<br>ആകെവസ്തു നികുതി = 1260<br>ലൈ.സെസ്- =60<br>ഒരു മുറിക്ക് = 1323<br>2മുറിക്ക് =2646 | |
| | | | | 56 @ 40 = 2240<br>+20% =448<br>ആകെവസ്തു നികുതി = 2688<br>ലൈ.സെസ്- = 134<br>ഒരു മുറിക്ക് = 2822 | 56 @ 50= 2800<br>+20% =560<br>ആകെവസ്തു നികുതി = 3360<br>ലൈ.സെസ്- = 168<br>ഒരു മുറിക്ക് = 3528 | |
| | | | ആകെ | | | 12231 |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ആവശ്യമായഅസസ്സമെന്റ് നടത്തി നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-2 ഡി ആന്റ് ഒ ലൈസൻസ് - ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയില്ല .

2015-16 ൽ 195 സ്ഥാപനങ്ങളാണ് കച്ചവടങ്ങൾക്കും വ്യാപാരങ്ങൾക്കും വേണ്ടി ലൈസൻസ് എടുത്തിരിക്കുന്നത്. പഞ്ചായത്തിൽ വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കിയില്ല വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കാത്തതുകൊണ്ടു തന്നെ ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല . വാർഡ് തലത്തിൽ ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കാത്തതിനും പ്രാദേശികമായി പരിശോധിച്ച് ലൈസൻസ് ഇല്ലാതെ ഒരു സ്ഥാപനവും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28 /16.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല .പ്രാദേശികമായി പരിശോധന നടത്തി ട്രേഡേർസ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 204(ii) വകുപ്പ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. സ്ഥാപനത്തിന്റെ പേര് -ഗവ ആയുർവ്വേദ ആശുപത്രി ,ചെറുവണ്ണൂർ -ഒന്നാം അർദ്ധ വർഷം

| ജീവനക്കാരന്റെ | ഉദ്യോഗപ്പേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| പേര് | | |
| ധന്യ.വി.കെ | 21.7.15 ന് നരക്കോട് ജി.എ.ഡി യിലേക്ക് സ്ഥലം മാറിപ്പോയി | ശമ്പളത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. |
| റസീന | 19.7.15 ന് പയ്യോളി ജി.എ.ഡി യിലേക്ക് സ്ഥലം മാറിപ്പോയി | ശമ്പളത്തിന്റെ വിശദാംശം രേഖപ്പെടുത്തിയി |

2. <u>സ്ഥാപനത്തിന്റെ പേര് -ഗവ യുപി സ്കൂൾ ,ചെറുവണ്ണൂർ (ഒന്നും രണ്ടും അർദ്ധ വർഷം )</u>

| ജീവനക്കാരന്റെ പേര് | ഉദ്യോഗപ്പേര് | റിമാർക്സ് |
|---|---|---|
| അനിത .പി.എ | പ്രോട്ടക്റ്റഡ് ടീച്ചർ,യു.പി.എസ്.എ | മാതൃ സ്ഥാപനത്തിൽ (കീഴയ്യൂർ ,എ.എൽ.പി.എസ്) നിന്ന് ശമ്പളം |
| ടി.പി.രാജൻ | ക്രാഫ്റ്റ് വർക്ക് | മാതൃ സ്ഥാപനത്തിൽ നിന്ന് ശമ്പളം. |
| നിഷ .കെ.ജെ | നീഡിൽ വർക്ക് | മാതൃ സ്ഥാപനത്തിൽ നിന്ന് ശമ്പളം. |

ക്രമ നമ്പർ 1 ലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതിന്റേയും , ക്രമ നമ്പർ 2 ലെ ജീവനക്കാർ മാതൃ സ്ഥാപനത്തിൽ തൊഴിൽ നികുതി അടവാക്കിയതിന്റേയും രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/14.11.16) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി റിട്ടേണും ആയതു പ്രകാരമുള്ള തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്.

## 2-4 <u>പരസ്യ നികുതി ഈടാക്കിയില്ല</u>

പരസ്യ നികുതി പിരിക്കുന്നതിനാവശ്യമായ കരട് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറിൽ നിന്നും അംഗീകീരം ലഭ്യമാക്കാത്തതിനും പരസ്യ നികുതി പിരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/16.11.16 ) മറുപടി ലഭ്യമാക്കിയിട്ടില്ല . 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 209 വകുപ്പ് പ്രകാരം പരസ്യങ്ങൾക്ക് ചുമത്താവുന്ന ഏതൊരു നികുതിയും ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും പിരിക്കുന്നതിനുള്ള അവകാശം സെക്രട്ടറിക്ക് കുത്തകക്ക് നൽകാവുന്നതാണ്.പരസ്യ നികുതി ബൈലോ തയ്യാറാക്കേണ്ടതും പരസ്യനികുതി പിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-5 <u>വാർഷിക കണക്കിലെ അപാകതകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2015-16വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥരുടെ ബില്ലുകൾ പ്രകാരംഈടാക്കിയ വാറ്റ്, ആദായനികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ട് ചെയ്തിട്ടില്ല.

2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി.11 ഷെഡ്യൂൾപ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരംആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കാർഷിക മൃഗസംരക്ഷണ മേഖലകളിൽ പദ്ധതികൾ കുറവ്

ഓഡിറ്റ് വർഷത്തെ ഗ്രാമ പഞ്ചായത്തിൻെറ ജനകീയാസൂത്രണ പദ്ധതികളിൽ കാർഷിക മൃഗസംരക്ഷണ മേഖലകളിൽ പൊതുവെ പദ്ധതികൾ കുറവാണ്.ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കാർഷിക മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം കണ്ടെത്തുന്നവരുടെ എണ്ണം അനവധിയാണ്.അത്കൊണ്ടുതന്നെ ഈ മേഖലകളിൽ ആവശ്യമായ പ്രാധാന്യം കൊടുക്കേണ്ടതും വൈവിധ്യമുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കേണ്ടതും അത്യാവശ്യമാണ്.

ഓഡിറ്റ് വർഷം കാർഷിക മേഖലയിൽ ആകെ നാല് പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ഇതിന് വകയിരുത്തിയ ആകെ അടങ്കൽ 1433660/- രൂപയാണ് (ഇതിൽ ചെലവഴിച്ചത് 1142680/-രൂപയാണ്. ചെലവ് ശതമാനം 80) ഇത് ആകെ വികസന ഫണ്ടിൻെറ 6.42 ശതമാനം തുക മാത്രമാണ്. ഈമേഖലയെ സംബന്ധിച്ചിടത്തോളം ഇത് അപര്യാപ്തമായ തുകയാണ്. മൃഗസംരക്ഷണ മേഖലയിൽ രണ്ട് പ്രോജക്ടുകൾ മാത്രമാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്. ഇതിനായി വകയിരുത്തിയത് 1399000/- രൂപ മാത്രമാണ്. (ഇതിൽ ചെലവഴിച്ചത് 461500/-രൂപയാണ് ചെലവ് ശതമാനം 33 മാത്രമാണ്) ഇത് വികസന ഫണ്ടിൻെറ 2.59 ശതമാനം തുക മാത്രമാണ്.ജനകീയാസൂത്രണ പദ്ധതിയിൽ ഏറ്റവും പ്രാധാന്യം ലഭിക്കേണ്ട രണ്ട് മേഖലകൾക്കും കൂടി ആകെ ലഭിച്ചത് വികസന ഫണ്ടിൻെറ ഒൻപത് ശതമാത്തോളം തുക മാത്രമാണെന്നത്,ഈ രണ്ടു മേഖലകളും വികസന പ്രവർത്തനങ്ങളിൽ അവഗണിക്കപ്പെടുന്നു എന്നതിന് തെളിവാണ്.

12ാം പഞ്ചവൽസര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖയിൽ (സ.ഉ (എം.എസ്)362/2013 തസ്വഭവ തി.16.11.2013 )

ഖ.3-1 ൽ ആസൂത്രണ പ്രവർത്തനങ്ങളിൽ ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയ്ക്കായിരിക്കണം മുൻഗണന നൽകേണ്ടതെന്ന് പരാമർശിക്കുന്നുണ്ട്. ഭക്ഷ്യ വിളകൾ,പാൽ, മുട്ട,മാംസം എന്നിവയുടെ ഉൽപ്പാദനം മെച്ചപ്പെടുത്തുന്നതിലും. ഉൽപ്പന്നങ്ങളുടെ സംസ്കരണം, വിപണനം എന്നീ സംവിധാനങ്ങളിലും തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുന്തിയ പരിഗണന നൽകണമെന്ന് പ്രത്യേകം നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ ഇതിനനുസൃതമായ പരിഗണന ഈ മേഖലകൾക്ക് നൽകാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

പന്ത്രണ്ടാം പദ്ധതി അവസാന ഘട്ടത്തിലെത്തിയ ഈ അവസരത്തിൽ മേൽ പരാമർശിച്ച മേഖലകൾക്ക് ഉണർവ്വ് നൽകുന്നതിന് മാതൃകാപരമായ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കേണ്ടത് ആവശ്യമാണ്.ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 മരാമത്ത് പ്രവൃത്തികൾക്ക് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കുന്നു

തൻവർഷം 142മരാമത്ത് പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 95 എണ്ണത്തിന് പണം ചെലവഴിച്ചതായും 47പ്രൊജക്ടുകൾഉപേക്ഷിച്ചതായും കാണുന്നു.67% പ്രൊജക്ടുകൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.2011ലെ സെൻസസ് പ്രകാരം ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 25011ആണ്.15 വാർഡുകളുള്ള താരതമ്യേന ചെറിയ പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസി. എഞ്ചിനീയറും രണ്ട് ഓവർസീയറുമാണുള്ളത്.ക്ലറിക്കൽ സ്റ്റാഫില്ല. നിലവിലുള്ള സ്റ്റാഫിനെ ഉപയോഗിച്ച് ഇത്രയധികം പ്രൊജക്ടുകൾക്ക് സ്ഥല പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കലും അളവെടുക്കലും ബില്ല് തയ്യാറാക്കലും വിഷമകരമാണ്.അതേ സമയം ഭാഗികമായ ഒട്ടേറെ പ്രൊജക്ടുകൾ നടപ്പാക്കിയതായും കാണുന്നു. ജി.ഒ.(എം.എസ്) 362/2013ത.സ്വ.ഭ.വ. തീ.16/11/2013 പദ്ധതി ആസൂത്രണ മാർഗ്ഗരേഖയുടെ പൊതു സമീപനമനുസരിച്ച് ഭാഗികമായ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെ ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്.വാർഡ് അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടില്ല.എന്നാൽ പഞ്ചായത്ത് തൻവർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ

പരിശോധിച്ചതിൽ ഭാഗികമായ പ്രൊജക്ടുകൾ നടപ്പാക്കിയതായും വാർഡ് അടിസ്ഥാനത്തിൽ ചെറിയ ചെയിനേജുകളിലുള്ള റോഡ് പ്രവൃത്തികൾ നിർവ്വഹണം നടത്തിയതായും കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം , പ്രവൃത്തിയുടെ പേര് | കരാറുകാരൻ / കൺവീനർ | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 54/15-16,കീരിയോട്ടുതാഴെ ചുങ്കം റോഡ് | നിഷാദ്കുമാർ | ₹200000 | സോളിംഗിനും മെറ്റലിംഗിനും മാത്രമായി പ്രൊജക്ട് തയ്യാറാക്കി |
| 2 | 69/15-16,വലിയ പറമ്പ് മുക്ക് ആഞ്ഞാം കുന്ന് റോഡ് | ഇ.എം. കുഞ്ഞമ്മത് | ₹200000 | 97 മീറ്റർ നീളമുള്ള റോഡ് പ്രവൃത്തി |
| 3 | ചങ്ങരോത്ത്മുക്ക് - ചുള്ള്യോത്ത് മുക്ക് റോഡ് | ഇ.എം. കുഞ്ഞമ്മത് | ₹90448 | 92.2 മീറ്റർ നീളമുള്ളതും സോളിംഗിന് മാത്രമായുള്ളതുമായ പ്രൊജക്ട് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.റോഡ്പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ ,പ്രൊജക്ടുകളുടെ എണ്ണം കുറച്ച് എല്ലായിനങ്ങളും ഉൾപ്പെടുത്തി സമഗ്രമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 3-3 പഞ്ചായത്ത് ഓഫീസ് പ്ലാസ്റ്റിക് റീസൈക്ലിംഗ് യൂണിറ്റ് റോഡ് - കോൺക്രീറ്റിന് അധിക തുക നൽകി

പ്രൊജക്ട് നം - 123/15-16

എസ്റ്റിമേറ്റ് - ₹250000

എഗ്രിമെന്റ് തിയ്യതി - 23/09/2015

സാങ്കേതികാനുമതി ലഭിച്ച തിയ്യതി - 10/06/2015

കോൺട്രാക്ടർ - കുഞ്ഞിമൊയ്തി പി.

അവസാനബിൽ തുക - ₹ 116611(ബിൽ നം.25/15-16 തീ. 31/12/15)

അളവ് പുസ്തകം - 294 /14-15

ഗ്രാമപഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടത്തിയ മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിയുടെ ഫയൽ,അളവുപുസ്തകം തുടങ്ങിയവ പരിശോധിച്ചതിൽ 58.65മീറ്റർ റോഡ് 1:4:8 അനുപാതത്തിൽ 10 സെ.മീ. കനത്തിലും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 10 സെ .മീ. കനത്തിലും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ കോൺക്രീറ്റ് റോഡുകളുടെ കനം സംബന്ധിച്ച് 18/09/2015ന് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ , കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അയച്ച കത്തിൽ 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിന്റെ കനം പരമാവധി 7.5 സെ.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.അനുവദനീയമായ അളവ് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| നീളം (മീറ്റർ) | വീതി (മീറ്റർ) | കനം(മീറ്റർ) | പ്രവൃത്തി ചെയ്ത അളവ് (ഘന മീ.) |
|---|---|---|---|
| 9.75 | (2.7+2.8)/2 | .075 | 2 |
| 6.10 | (2.95+3.05)/2 | .075 | 1.3725 |

| | | | |
|---|---|---|---|
| 9 | 3.05 | .075 | 2.0587 |
| 15 | 3.05 | .075 | 3.4312 |
| 13.3 | (3.05+2.65)/2 | .075 | 2.8428 |
| 4.5 | (2.6+2.5)/2 | .075 | .8606 |
| 1 | 2.1 | .075 | .1575 |
| ആകെ = 12.7233 | | | |

കൺവീനർക്ക് നൽകിയ തുക - 16.89 ഘന.മീ.*7569.32/ഘന.മീ=₹ 127846

അനുവദനീയമായ തുക - 12.7233ഘന.മീ.*7569.32/ഘന.മീ =₹96307

അധികം നൽകിയത് - ₹ 31539 (127846-96307)

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ ₹ 31539 ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-4 നിരപ്പം സ്റ്റേഡിയം മാവിലാട്ട് താഴെ റോഡ് - കോൺക്രീറ്റിന് അധിക നിരക്ക് നൽകി

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം പൂർത്തിയാക്കിയ താഴെ കൊടുത്ത റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ ഒരിനം 1:2:4 അനുപാതത്തിൽ 20 മി.മീ. മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റ് പ്രവൃത്തിയാണ്. ഇതിന് കരാറുകാരൻ ഏറ്റെടുത്ത് നടത്തിയ പദ്ധതിയ്ക്ക് കരാറുകാരന്റെ ലാഭവും, ഓവർ ഹെഡ് ചാർജ്ജും ഉൾപ്പെടെ ഒരു ഘനമീറ്ററിന് 7953.46 രൂപയാണ് അനുവദിച്ചത് .ഡൽഹി ഷെഡ്യൂൾ നിരക്ക് 2014 പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന് കോസ്റ്റ് ഇൻഡക്സ് ആയ 1.381 ഉൾപ്പെടെയാണ് നിരക്ക് കണക്കാക്കിയത്. റോഡ് കോൺക്രീറ്റിന് എടുക്കേണ്ട ഇനമായ ഡി.എസ്.ആർ. കോഡ് 4.1.3 പകരം 11.7 എടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് മേൽ കാണിച്ച നിരക്ക് അനുവദിക്കാനിടയായത്. കോഡ് 4.1.3 അനുവദിച്ചിരുന്നെങ്കിൽ താഴെ കാണിച്ച വിധം ഘനമീറ്ററിന് ₹ 7549 നിരക്കാണ് കരാറുകാരന് അനുവദിക്കേണ്ടിയിരുന്നത്.

| | | | |
|---|---|---|---|
| 20 മി.മീ. മെറ്റൽ | 0.670 | 1175 | 787.25 |
| 10 മി.മീ.മെറ്റൽ | 0.220 | 1175 | 258.50 |
| കടത്ത് | 0.890 | 106.49 | 94.78 |
| മണൽ | 0.445 | 1200 | 534.00 |
| കടത്ത് | 0.445 | 106.49 | 47.39 |
| സിമന്റ് | 0.320 | 6300 | 2016.00 |
| കടത്ത് | 0.320 | 94.65 | 3029.00 |
| ലേബർ | | | |
| മേസൺ | 0.1 | 419 | 41.70 |
| ബെൻഡർ | 1.63 | 329 | 536.27 |
| ബിസ്തി | 0.70 | 363 | 254.10 |
| കോൺക്രീറ്റ് മിക്സ് വാടക | 0.07 | 800 | 56.00 |
| വൈബ്രേറ്റർ | 0.07 | 350 | 24.50 |
| മറ്റ് ചെലവുകൾ | 14.30 | 1.78 | 25.45 |
| ആകെ | | | 4706.23 |
| വാട്ടർ ചാർജ്ജ് 1% | | | 47.06 |

| | |
|---|---|
| | 4753.29 |
| സി.പി. & ഒ.എച്ച്. 15 % | 712.99 |
| ആകെ | 5466.28 |

കരാറുകാരന് നൽകാവുന്ന നിരക്ക് : 5466.28*1.381= 7549/ഘന.മീ.

മേൽ പ്രവൃത്തിയുടെ ഇനം 3 പ്രകാരം 1:2:4 അനുപാതത്തിൽ 13.82 ഘനമീറ്റർ കോൺക്രീറ്റിന് കരാറുകാരന് താഴെ കാണിച്ച വിധം ₹ 5590 അധികം നൽകിയിട്ടുണ്ട്.

നൽകിയത് - 13.82*7953.46 = 109916.82

നൽകാവുന്നത് - 13.82*7549 = 104327

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അധികം നൽകിയ ₹ 5590(109917-104327) ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-5 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചു

ജി.ഒ(എം.എസ്) 330/2004 തസ്വഭവ തീ.09/12/2004 മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗരേഖ,സർക്കുലർ നമ്പർ 68228/എഫ്.എം.1/2012 തസ്വഭവ തീ.28 /11/2012 എന്നിവ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപണിയാണ് നടത്തേണ്ടത്.എന്നാൽ ഓഡിറ്റ് വർഷം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡുകളുടെ മെറ്റലിംഗ്, ടാറിംഗ് പ്രവൃത്തികൾക്കുപയോഗിച്ചതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റ് നം, പ്രവൃത്തിയുടെ പേര്, എസ്റ്റിമേറ്റ്, കരാറുകാരൻ | എസ്റ്റിമേറ്റ്, കരാറുകാരൻ | ചെയ്ത പ്രവൃത്തികൾ |
|---|---|---|---|
| 1 | 49/15-16<br>പാറച്ചാലിൽമുക്ക് വെള്ളാമ്പത്തൂർ താഴെ റോഡ് | ₹450000<br>ഇ.എം.കുഞ്ഞമ്മത് | 108.5മീറ്റർ റോഡ് കോൺക്രീറ്റ് |
| 2 | 55/15-16<br>പട്ടയാട്ട് മുക്ക് കാട്ടുമച്ചലത്ത്<br>നിരപ്പം റോഡ് | ₹300000<br>ഇ.എം.കുഞ്ഞമ്മത് | 355 മീറ്റർ റോഡ് സോളിംഗ് |

റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തിയതിനുശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്,ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളും ഏറ്റെടുക്കാവുന്നതാണ്.എന്നാൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനമെടുത്തശേഷമായിരിക്കണം മെയിന്റനൻസ് ഫണ്ട് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഭരണസമിതി ഇങ്ങനെ തീരുമാനമെടുത്തിട്ടില്ല .ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-6 എം.പി.ഫണ്ടിൽ നിന്ന് 60% മുൻകൂർ കൈപ്പറ്റിയ പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രവൃത്തിയുടെ പേര് : എടച്ചേരിച്ചാൽ കോളനി ഫുട്പാത്ത് നിർമ്മാണം

എസ്റ്റിമേറ്റ് : 400000

കൺവീനർ : ഇ.ടി.ബാലൻ

എഗ്രിമെന്റ് തിയ്യതി : 17-09-15

ബഹു.മുല്ലപ്പള്ളി രാമചന്ദ്രൻ എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മേൽ പ്രവൃത്തിക്ക് 18-01-16 ലെ വൗച്ചർ നം. 21500801 പ്രകാരം 240000 രൂപ കൺവീനർക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്ലാനിംഗ് & ഇക്കണോമിക് അഫയേഴ്സ് വകുപ്പിന്റെ 13-05-13 ലെ ജി.ഒ (ആർ.ടി ) നം. 274 / 2014 പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തിക്ക് 20 % തുകയാണ് മുൻകൂർ നൽകാവുന്നത്. പ്രവൃത്തിയുടെ 50% പൂർത്തിയാക്കിയാൽ 40% തുക കൂടി അനുവദിക്കാവുന്നതാണ്. എന്നാൽ മേൽ പ്രവൃത്തി ഓഡിറ്റ് തിയ്യതി വരെ അളവെടുത്തിട്ടില്ല.സെക്രട്ടറിയുടെ അപേക്ഷയനുസരിച്ച് ജില്ലാ കളക്ടറുടെ 10-12-15 ലെ 2015/54826/11/k4 നടപടിക്രമം പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 60% തുക മുൻകൂർ നൽകിയതായാണ് കാണുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതും പ്രവൃത്തി പൂർത്തിയാക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.240000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-7 സേവനപുസ്തകത്തിൽ രേഖപ്പെടുത്താതെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ചു നൽകി

സുനി കെ.ടി. സീനിയർ ക്ലർക്കിന് 01-03-16 മുതൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്ത് നൽകിയിട്ടുണ്ട് ( വൗച്ചർ നം.21501182/ 31-03-16 ) സേവനപുസ്തകം ജനന തീയതി തിരുത്തുന്നതിലേക്കായി തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അയച്ചുകൊടുത്തിരിക്കയാൽ ശ്രീ.സുനിയുടെ സത്യവാങ്മൂലത്തിന്റ അടിസ്ഥാനത്തിൽ തുകനൽകിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ശ്രീ.സുനി കെ.ടി. ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിൽ ജോലി ചെയ്യുന്നില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. സേവന പുസ്തകം തിരികെ ലഭിക്കുന്ന മുറയ്ക്ക് ആർജ്ജിതാവധി രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 സർക്കാരിലേക്ക് ഒടുക്കാനുള്ള നികുതികൾ / സെസ്സുകളിൽ കുടിശ്ശിക

പഞ്ചായത്ത് എഴുതി സൂക്ഷിച്ച ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ പരിശോധിച്ചതിൽ 31-03-2016 ന് വാറ്റ്, ആദായനികുതി,ലൈബ്രറിസെസ്സ്, റോയൽറ്റി,ആർ.എം.എഫ് എന്നീ ഇനങ്ങളിൽ താഴെ കാണിച്ചവിധം തുക ഒടുക്കാൻ ബാക്കിയുള്ളതായി കാണുന്നു.

| ഇനം | 31-03-2016 ന് ഒടുക്കാൻ ബാക്കിയുള്ള തുക |
|---|---|
| ആദായനികുതി(മണൽ വിൽപ്പന വഴി ലഭിച്ചത് ) | 458216 |
| വാറ്റ് (മണൽ വിൽപ്പന വഴി ലഭിച്ചത് ) | 121748 |
| ആർ.എം.എഫ് (മണൽ വിൽപ്പന വഴി ലഭിച്ചത് ) | 2156420 |
| റോയൽറ്റി (മണൽ വിൽപ്പന വഴി ലഭിച്ചത് ) | 1052040 |
| ലൈബ്രറിസെസ്സ് | 83122 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. എസ്.ബി.ഐ.യുടെ 87862 നമ്പർ അക്കൗണ്ടിലും തനത് ഫണ്ടിലുമായി കിടക്കുന്ന മേൽ തുകകൾ സർക്കാരിലേക്ക് ഒടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. യഥാസമയം തുക ഒടുക്കാതിരുന്നതുവഴി അടവാക്കേണ്ടിവരുന്ന പിഴ സഹിതം തുക

അടവാക്കേണ്ടതാണ്.

## 3-9 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പരിപാലന കമ്മിറ്റിക്ക് കൈമാറിയില്ല

എടച്ചേരിച്ചാൽ, മയിലാടിക്കുന്ന്, കുണ്ടുത്തറ എന്നീ കുടിവെള്ള പദ്ധതികളുടെ പമ്പ് ഓപ്പറേറ്ററുടെ വേതനം,കറന്റ് ചാർജ് എന്നിവ തൻവർഷം പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് ഒടുക്കിയത്.ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| വൗച്ചർ നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21500949/03-03-16 | 9000 | മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളുടെ പമ്പ് ഓപ്പറേറ്റർമാരുടെ 02/2016 ലെ വേതനം |
| 21501053/22-03-16 | 18956 | മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളുടെ 02/2016 ലെ കറന്റ് ചാർജ് |

വാർഷിക കണക്കുകൾ പ്രകാരം മേൽ കുടിവെള്ള പദ്ധതികളുടെ ഗുണഭോക്താക്കളിൽ നിന്ന് 4150 രൂപ തൻവർഷം വെള്ളക്കരമിനത്തിൽ പിരിച്ചെടുത്തതായി കാണുന്നു. ഇതു സംബന്ധിച്ച് എഴുതി സൂക്ഷിച്ച രജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല. രജിസ്റ്റർ പരിശോധിച്ചതിൽ 2014-15 വർഷം 31300 രൂപ വെള്ളക്കരമിനത്തിൽ പിരിച്ചെടുത്തതായി കാണുന്നുണ്ട്.എന്നാൽ 2015-16വർഷം പമ്പ് ഓപ്പറേറ്ററുടെ വേതനം എന്ന ഇനത്തിൽ മാത്രം 108000(12*9000) മേൽ പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

സ.ഉ. (സാ) നം.1275 /2009/തസ്വഭവ തീ.30-09-2015 പ്രകാരം ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതും പരിപാലന കമ്മിറ്റികൾക്ക് കൈമാറാത്തതുമായ മേൽപ്പറഞ്ഞ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണി ആവശ്യമെങ്കിൽ മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് കൈമാറേണ്ടതാണ്.പദ്ധതി ഏറ്റെടുത്ത് നടത്താൻ കമ്മിറ്റി തയ്യാറല്ലെങ്കിൽ പഞ്ചായത്തിന് ഏറ്റെടുത്ത് നടത്താവുന്നതും ഗുണഭോക്താക്കളിൽ നിന്ന് ന്യായമായ വാട്ടർചാർജ് പിരിച്ചെടുക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകേണ്ടതാണ്.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 3-10 യാത്രാബത്ത നൽകിയതിലെ അപാകതകൾ

തൻവർഷം നൽകിയ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ സെക്രട്ടറിയും ജീവനക്കാരും യാത്രാബത്ത കൈപ്പറ്റിയതായി കാണുന്നുണ്ട്. എന്നാൽ യാത്രാഡയറി സമർപ്പിച്ചതായി കാണുന്നില്ല.ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21501175/31-03-16 | ₹13856 | 4/15മുതൽ 01/16 വരെയുള്ള സെക്രട്ടറിയുടെ യാത്രാബത്ത |
| 21501176/31-03-16 | ₹26086 | 4/15മുതൽ 01/16 വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാബത്ത ക്ലെയിം സമർപ്പിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.യാത്രാ ഡയറി സമർപ്പിക്കാതെ യാത്രാബത്ത നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-11 സമഗ്ര തെങ്ങ് കൃഷി വികസനം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം 9/16

അടങ്കൽ 563160 (വികസന ഫണ്ട്)

ചെലവ് 563160/-

ബിൽനം/ തി. 1/16 8.12.15 തുക 361560/-

2/16 28.12.15 തുക 201600/-

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഗുണഭോക്തൃ ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി.

ഓഡിറ്റ് വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ സമഗ്ര തെങ്ങ് കൃഷി വികസനം എന്ന പ്രോജക്ടിലെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് വാർഡ് അടിസ്ഥാനത്തിലാണ്. ഇത് ശരിയായ നടപടിയല്ല.ഓരോ വാർഡിലും മുൻഗണനാക്രമലിസ്റ്റിനോടൊപ്പം പരിശോധന പൂർത്തിയാക്കിയതിന് ശേഷം മുൻഗണനാക്രമത്തിൻറ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തിന് മൊത്തത്തിൽ ഒരു പട്ടിക തയ്യാറാക്കേണ്ടതാണ്. ജി.ഒ (പി)220/97ത.ഭ.വ.തിയ്യതി.2.110.97,ജി.ഓ (പി)181/98ത.സ്വ.ഭ.വ.തിയ്യതി.2.9.98 എന്നിവ കാണുക.മേൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി, വാർഡ് തലത്തിൽ തയ്യാറാക്കിയ ഗുണഭോക്തൃ ലിസ്റ്റിൻറ അടിസ്ഥാനത്തിലാണ് കൃഷി ഓഫീസർ പദ്ധതി നിർവ്വഹണം നടത്തിയിരിക്കുന്നത്.

2. ഗുണഭോക്തൃ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചില്ല.

ജി.ഒ.(എം എസ്) നം362/ത.സ്വ.ഭ.വ തി.16.11.13 അനുബന്ധം 16 ഖ.7.8 ൽ പദ്ധതി നിർവ്വഹണത്തിന് അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണ സ്ഥാപനത്തിൻറ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ട താണെന്നും അല്ലാത്ത പക്ഷം ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ലെന്നും പരാമർശിക്കുന്നുണ്ട്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/7.11.16)മറുപടി നൽകിയിട്ടല്ല.അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ലാത്തതിനാൽ ചെലവ് തുക

തടസ്സപ്പെടുത്തുന്നു.

## 3-12 വിനിയോഗസാക്ഷ്യപത്രംഹാജരാക്കിയില്ല.ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു

ഓഡിറ്റ് വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വിഹിതം നൽകല്കിയിട്ടുണ്ടെങ്കിലും ഇതിനുള്ള വിനിയോഗസാക്ഷ്യപത്രംഹാജരാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം

പ്രോജക്ട് നം 13/16

അടങ്കൽ 700000 (വികസനം. എസ്.സി.പി)

ചെലവ് 620000/-

ബിൽനം, തി. 6/16 15.01.2016

അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിലെ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലേക്ക് വിഹിതം കൈമാറിയിട്ടുണ്ട്.എന്നാൽ ഗുണഭോക്തൃ ലിസ്റ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)ഡി.പി.സി കെട്ടിട നിർമ്മാണം

പ്രോജക്ട് നം 2/16

അടങ്കൽ 100000/- (വികസന ഫണ്ട്)

ചെലവ് 100000/-

ബിൽ നം, തി. 2/16 29.9.15

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ ഡി.പി.സി കെട്ടിട നിർമ്മാണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായി 100000/- രൂപ (ഡി.ഡി.നം580601 തി.8.10.2015) ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

3)തെരുവ് നായ വന്ധ്യംകരണം

നിർവ്വഹണം സെക്രട്ടറി

പ്രോജക്ട് നം 207/16

അടങ്കൽ 200000/- (വികസന ഫണ്ട്)

ബിൽ നം/തിയ്യതി 23/16 11.2.16

തെരുവ് നായ വന്ധ്യംകരണം പദ്ധതി നടപ്പാക്കുന്നതിനായി 200000/- രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19.3.16 ലെ പി9/2729/15 നംപർ കത്തിൻറ അടിസ്ഥാനത്തിലാണ് മേൽ തുക കൈമാറിയത്.എന്നാൽ ഇതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4)കന്നുകുട്ടി പരിപാലനം

നിർവ്വഹണം വെറ്റിനറി സർജൻ

പ്രോജക്റ്റ് നം 34/16

അടങ്കൽ 1250000/-(വികസന ഫണ്ട് +സ്റ്റേറ്റ്+ഗ.വി.)

ചെലവ് 312500/-

ബിൽ നം,തിയ്യതി 1/16 /12.2.16

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കുള്ള ഗ്രാമ പഞ്ചായത്ത് വിഹിതമായ 312500/-രൂപ അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് കൈമാറിയിട്ടുണ്ട്.ഫണ്ട് വിനിയോഗം സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുകകൾ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്ന് ഇതുവരേയും ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ -S009/16.

പ്രോജക്റ്റ് - ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ.

വകയിരുത്തിയത് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) -2,75,000/- .

ചെലവ് - ബിൽ നമ്പർ 1/6.10.15 -2,00,000/-

2/31.3.15 -75,000/-

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിന് മാനേജിംഗ് ഡയറക്ടർ ,കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴയുടെ പേരിൽ (എസ് .ബി .ഐ പേരാമ്പ്രയിലെ ) 2,75,000/- രൂപയുടെ ഡി.ഡി എടുത്തിട്ടുണ്ട് . വിശദാംശം ചുവടെ.

| തിയ്യതി,ഡി.ഡി നമ്പർ | തുക |
|---|---|
| 14.10.15 ലെ 580666 | 2,00,000 |
| 2.4.16 ലെ 254067 | 75,000 |
| ആകെ | 2,75,000 |

ആയതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്നുള്ള കൈപ്പറ്റ് രശീതി ഫയലിലുണ്ട് . ഓഡിറ്റ് തിയ്യതി വരേയും ലഭ്യമായ മരുന്നിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| തിയ്യതി | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 3.9.16 | 570 | 75,000 |
| 9.9.16 | 600 | 69,700 |

| | |
|---|---|
| ആകെ | 1,44,700 |

1.11.16 ലെ 67/16/ G.H.D.C നമ്പർ കത്ത് പ്രകാരം മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് ഹോമിയോ മെഡിക്കൽ ഓഫീസർ അപേക്ഷിച്ചിട്ടുണ്ട് . എന്നാൽ മരുന്നുകൾ ഓഡിറ്റ് തിയ്യതി വരേയും ലഭ്യമായിട്ടില്ല .2015-16 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് 2,75,000/-രൂപ അടവാക്കിയിട്ട് 1,44,700/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ കൈക്കൊള്ളേണ്ടതും മരുന്നുകൾ ലഭ്യമാക്കേണ്ടതുമാണ്.

## 3-14 എസ്.എസ്.എ പദ്ധതി മോണിറ്ററിംഗ് നടത്തുന്നില്ല

1). പ്രോജക്ട് നം 31/16

അടങ്കൽ 100000/-(വികസന ഫണ്ട് എസ്.സി.പി )

ബിൽ നം,തി. 1/16 16.10.15

ഡി.ഡി നം, തി. 580712/ 16.10.15

2). പ്രോജക്ട് നം 29/16

അടങ്കൽ 200000/-(വികസന ഫണ്ട് ജനറൽ )

ബിൽ നം,തി. 2/16 16.10.15

ഡി.ഡി നം, തി. 580713/ 16.10.15

മേൽ സൂചിപ്പിച്ച രണ്ട് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 300000/- രൂപ എസ്.എസ്. എ ക്ക് കൈമാറിയിട്ടുണ്ട്. എസ്.എസ്. എ പ്രോജക്ട് ഓഫീസറുടെ 10.9.2015 തിയ്യതിയിലെ സി.591/2014 നമ്പർ കത്തിൽ എസ്.എസ്.എ യുടെ വിവിധ പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്തിന് 2627000/- രൂപ അനുവദിച്ചതായി അറിയിച്ചതിൻെറ അടിസ്ഥാനത്തിലാണ് മേൽ തുക കൈമാറിയത്. എന്നാൽ ഇതിൻെറ വിനിയോഗം സംബന്ധിച്ച് വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/15.11.16) മറുപടി നൽകിയിട്ടില്ല.വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-15 ഗ്രാമപഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ,എർത്തിംഗ് പ്രവൃത്തി പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം 208/16

അടങ്കൽ 56723/-(ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് 45000/-

ബിൽ നം,തി. 35/16 31.03.2016

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതിയിൽ, ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഇലക്ട്രിഫിക്കേഷൻ, എർത്തിംഗ് പ്രവൃത്തികൾക്കായി,പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ അസി.എഞ്ചിനിയർ (സിവിൽ സ്റ്റേഷൻ കോഴിക്കോട്) ക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഇതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി

നിർവ്വഹണത്തിലെ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.പ്രവൃത്തി പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

## 3-16 സമഗ്ര വിദ്യാഭ്യാസ പരിപാടി പദ്ധതി നടത്തിപ്പിൽ അപാകത

പ്രോജക്റ്റ് നം 30/16

അടങ്കൽ 150000/- (വികസന ഫണ്ട്)

ചെലവ് 137263/-

ബിൽ നം, തി. 3/16 26.3.15

ഗ്രാമ പഞ്ചായത്തിലെ എൽ.പി, യു.പി വിദ്യാർത്ഥികളിലെ പഠന പാഠ്യേതര മേഖലകളിലെ ഉന്നമനം ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണിത്.കായിക പോഷണം, കലാപോഷണം,ജില്ലയെ അറിയൽ (ജില്ലയിലെ ചരിത്ര പ്രധാനമായ സ്ഥലങ്ങൾ സന്ദർശിക്കൽ)

എൽ.എസ്.എസ്,യു.എസ്.എസ് പരീക്ഷാ പരിശീലനം, സാഹിത്യ പോഷണം,സ്കൂൾ പെയിൻറിംഗ്, എന്നിവയാണ് ഈ പ്രോജക്ടിൽ ഉൾപ്പെടുത്തി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ.എന്നാൽ സ്കൂളുകളിൽ ഇത്തരം പ്രവർത്തനങ്ങൾ എസ്.എസ്.എ മുഖേന നടത്തിവരുന്നുണ്ട്.ഇതിനായി ഗ്രാമ പഞ്ചായത്ത് വിഹിതം എസ്.എസ്.എ ക്ക് കൈമാറുകയും ചെയ്യുന്നുണ്ട്ആയതിനാൽ മേൽ വിവരിച്ച പ്രവർത്തനങ്ങൾക്കായി ഗ്രാമ പഞ്ചായത്ത്പ്രത്യേകമായി പദ്ധതി നടപ്പാക്കേണ്ട ആവശ്യം ഇല്ല.പദ്ധതി നടത്തിപ്പിലെ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/15.11.16)മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. ചെലവിനടിസ്ഥാനമാക്കിയ അനുമതിവിവരം ലഭ്യമാക്കേണ്ടതാണ്.

## 3-17 ഹോമിയോ ആശുപത്രിക്ക് സ്ഥലവും കെട്ടിടവും വാങ്ങൽ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം സെക്രട്ടറി

പ്രോജക്റ്റ് നം 121/16

അടങ്കൽ 463277/-(വികസന ഫണ്ട്,സി.എഫ്.സി,

ചെലവ് 314565/- തനത്)

ബിൽനം,തിയ്യതി. 1/16 23.6.15

2/16 23.6.15

ഗ്രാമ പഞ്ചായത്തിലെ ചെറുവണ്ണൂർ ടൗണിന് സമീപം ഹോമിയോ ആശുപത്രിക്ക് സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് നടപ്പിലാക്കിയ പദ്ധതിയാണിത്.ചെറുവണ്ണൂർ വില്ലേജിൽ റീ സർവ്വെ നം.11/2 ൽ പെട്ട 6.7 സെന്റ് ഭൂമിയും അതിലെ കെട്ടിടവും ഹോമിയോ ആശുപത്രി സ്ഥാപിക്കുന്നതിനായി വിട്ട് നൽകണമെന്നുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ കത്തിന്റെ(നം ബി.22/08 തി.8.1.2008) അടിസ്ഥാനത്തിൽ സർക്കാർ ഭൂമി വിട്ട് നൽകുകയായിരുന്നു.(സ.ഉ.(എം.എസ്) നം 150/15/റവ.തി.20.4.2015)റവന്യൂ വകുപ്പ് ബോട്ട്-ഇൻ-ലന്റായി ഏറ്റെടുത്ത ഭൂമിയുടെ ബാധ്യതകൾ തീർക്കുന്നതിന് ഗ്രാമ പഞ്ചായത്ത്314565/-രൂപ(ഡി.ഡി.നം 579121/31.7.2015)പ്രകാരം തഹസിൽദാർ (ആർ.ആർ.) വടകര ഓഫീസിൽ അടച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ 3(1)സി പ്രകാരം വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് കാണിക്കുന്നതിനുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2)വിട്ടു കിട്ടിയ ഭൂമിയുടെ അതിരളവുകൾ വ്യക്തമാക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3)വിട്ടുകിട്ടിയ ഭൂമി ഗ്രാമ പഞ്ചാത്തിന്റെ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/16.11.16)മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

## **3-18** ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിൽ അപാകത

ഓഡിറ്റ് വർഷം അസി.സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളിലെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് ക്രമപ്രകാരമല്ല.ഭവന നിർമ്മാണം എസ്.സി.പി (പ്രോജക്ട്നം 16/16),ഭവന നിർമ്മാണം എസ്.സി.പി വനിത (പ്രോജക്ട്നം 17/16), കക്കൂസ് നിർമ്മാണം എസ്.സി.പി (പ്രോജക്ട്നം 18/16),ഭവന പുനരുദ്ധാരണംഎസ്.സി.പി (പ്രോജക്ട്നം200/16) എന്നീ പ്രോജക്ടുകളിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് മുൻഗണനാ മാനദണ്ഡങ്ങൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണെങ്കിലും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചഗുണഭോക്താക്കൾ ലിസ്റ്റിൽ ആദ്യ സ്ഥാനങ്ങളിൽ വന്നിട്ടില്ല.ഒരു ഉദാഹരണം താഴെ കൊടുക്കുന്നു

| ക്രമനം | വാർഡ് | പേര് | മാർക്ക് |
|---|---|---|---|
| 1 | 1 | നരായണി.കുനീമ്മൽ മീത്തൽ | 100 |
| 2 | 2 | കമല. കുനിപ്പുറത്ത് | 60 |
| 3 | 3 | നാരായണി.ചാലിയന കണ്ടി | 60 |
| 4 | 6 | രജനി. പി .കെ | മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| 5 | 8 | ജാനു.കരുവാലിൽ | 100 |
| 6 | 9 | നാരായണി.തെക്കേപഴമഠത്തിൽ | മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| 7 | 10 | കുപ്പച്ചി. കുഴിച്ചാലിൽ | 100 |
| 8 | 11 | തെയ്യത്രു.കടുങ്ങോശൻ കണ്ടി | 70 |
| 9 | 13 | വസന്ത.കരിയാട്ട്കുനി | 60 |
| 10 | 15 | പ്രവിത.നിരയിൽ | മാർക്ക് രേഖപ്പെടുത്തിയിട്ടില്ല. |

ഭവന നിർമ്മാണം എസ്.സി.പി വനിത പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റാണ് മുകളിൽ കൊടുത്തിരിക്കുന്നത്. (പ്രോജക്ട് നം 17/16) 5ഗുണഭോക്താക്കൾക്ക് ആനുകൂല്യംനൽകാനുദ്ദേശിച്ച പ്രോജക്ടിന്റെ അടങ്കൽ 1000000/-രൂപയാണ്.ഈ ലിസ്റ്റിൽ ജാനു കരുവാലിൽ,കുപ്പച്ചി.കുഴിച്ചാലിൽ എന്നീ ഗുണഭോക്താക്കൾക്ക് 100 മാർക്ക് വീതം ലഭിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്തൃ ലിസ്റ്റിന്റെ ആദ്യ സ്ഥാനങ്ങളിൽ വന്നിട്ടില്ല.ഈ ലിസ്റ്റിൽ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ അനർഹരായ മൂന്ന് പേർ ഉൾപ്പെട്ടിട്ടുള്ളതായി കാണാം.ഇത് ശരിയായ നടപടിയല്ല.രജനി.പി .കെ.,നാരായണി തെക്കേ പഴമഠത്തിൽ, പ്രവിത നിരയിൽ എന്നീ ഗുണഭോക്താക്കളുടെ മാർക്ക് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് വർഷം അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ വ്യക്തിഗത ആനുകൂല്യം നൽകുന്ന പ്രോജക്ടുകളിലെല്ലാം തന്നെ ഈരീതിലിലാണ് ഗുണഭോക്തൃ ലിസ്റ്റുകൾ ഉണ്ടാക്കിയിരിക്കുന്നത്.ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖ ജി.ഒ(പി)220/97/ത.ഭ.വ2.10.97, ജി.ഒ (പി)181/98 തസ്വഭവ 2.9.98, എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/16.11.16)മറുപടി നൽകിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റുകൾ തയ്യാറാക്കിയതിലെ അപാകതക്ക് വ്യക്തമായ

വിശദീകരണം നൽകേണ്ടതും അനർഹർക്ക് ആനുകൂല്യം നൽകിയത് തിരിച്ചടക്കേണ്ടതുമാണ്.

## 3-19 കുടുംബശ്രീ എസ്.സി.എ.ഫണ്ട് ചെലവഴിച്ചില്ല.

കുടുംബശ്രീ സംസ്ഥാന മിഷൻ സ്പെഷ്യൽ സെൻട്രൽ അസിസ്റ്റൻസ് ഇനത്തിൽ നൽകിയ തുകയിൽ 147909/- രൂപ ചെലവഴിക്കാതെ സി.ഡി.എസ്.അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.31.03.2003ന് 257967/-രൂപയും 05.06.2004ന് 592300/-രൂപയും കൂടി ആകെ 850267/- രൂപയാണ് ഈ ഇനത്തിൽ സി.ഡി.എസ്.അക്കൗണ്ടിൽ (നമ്പർ 2650 സർവ്വീസ് കോ.ഓപ് ബേങ്ക് ചെറുവണ്ണൂർ) വരവ് വന്നത്. ഇതിൽ 702358/-രൂപ ഇതുവരെ വിനിയോഗിച്ചിട്ടുണ്ട്. കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് 60% സംരംഭ സബ്സിഡിയായും,15% പരിശീലനത്തിനും,25% അടിസ്ഥാന സൗകര്യത്തിനും വിനിയോഗിക്കുവാൻ നൽകേണ്ട ഈ തുക ചെലവഴിക്കാതെ സി.ഡി.എസ് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക ചെലവഴിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഭരണസമിതി -തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടിയുടെ വിശദാംശം ലഭ്യമാക്കാത്തത് സംബന്ധിച്ച്.

പഞ്ചായത്ത് ഭരണസമിതിയുടെ ചുവടെ ചേർത്ത -തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടിയുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| തിയ്യതി | തീരുമാനം നമ്പർ | തീരുമാനം |
|---|---|---|
| 26.11.15 | 130 / 15 | കണ്ടൂത്തറ കുടിവെള്ളപദ്ധതി-മുമ്പ് നിലവിലുണ്ടായിരുന്ന ഉപയോഗ ശൂന്യമായ ടാങ്കിന്റെ അവശിഷ്ടങ്ങൾ എടുത്തുമാറ്റി ലേലം ചെയ്യുന്നതിനായി ആയവയുടെ വാല്വേഷൻ ലഭ്യമാക്കുന്നതിനായി എൽ.എസ്.ജി.ഡി ഓവർസീയറോട് ആവശ്യപ്പെടുന്നതിന് . |
| 11.1.16 | 1/16 (10) | തെരുവു വിളക്ക് റിപ്പയർ എന്ന പ്രോജക്റ്റ് നടപ്പിലാക്കുന്നതിനായി ഓരോ വാർഡിലേയും തകരാറിലായ തെരുവു വിളക്കുകളുടെ ലിസ്റ്റ്,പോസ്റ്റ് നമ്പർ ,ഇനം എന്നിവ സഹിതം ഗ്രാമ പഞ്ചായത്തിൽ സമർപ്പിക്കുന്നതിന് വാർഡ് മെമ്പർമാരെ ചുമതലപ്പെടുത്തിയത് . |
| 11.1.16 | 13/16 | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങൾ അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിന്. |

മേൽ തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല തുടർ നടപടിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 അഡ്വാൻസ് ക്രമീകരിക്കാത്തത് സംബന്ധിച്ച്.

2015-16 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിൽ നൽകിയ അഡ്വാൻസ് തുകകൾ ഇതുവരേയും ക്രമീകരിച്ചിട്ടില്ല എന്നു കാണുന്നു . വിശാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഇനം | നൽകിയ | അഡ്ജസ്റ്റ് | ബാക്കി |
|---|---|---|---|---|

| | | തുക | ചെയ്തത് | |
|---|---|---|---|---|
| 2008–09 | ഓണം അഡ്വാൻസ് ഇനത്തിൽ ശ്രീ ആർ .ഗോപിനാഥൻ ,എൽ.ഡി.സി.ക്ക് നൽകി | 2000 | 800 | 1200 |
| 2015-16 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ജീവനക്കാർക്കുള്ള വേതനം | 234000 | - | 234000 |
| 2010-11 | Tour T.A.Advance ആയി ശ്രീ സി.എം.ബാബുവിന് നൽകിയത് | 1000 | - | 1000 |
| 2010-11 | Tour T.A.Advance ആയി ശ്രീ സി.എം.ബാബുവിന് നൽകിയത് | 1000 | - | 1000 |
| 2014-15 | Tour T.A.Advance ആയി ശ്രീ പി.സുരേഷ് , സെക്രട്ടറിക്ക് നൽകി | 1000 | - | 1000 |
| ആകെ | | | | 2,38,200 |

മേൽ കാണിച്ച അഡ്വാൻസ് തുകകൾ ഇതുവരേയും ക്രമീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല .മുൻകൂർ നൽകിയ തുകകൾ പലിശ സഹിതം ക്രമീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2013-14 | 15ലക്ഷം രൂപ | കിഴക്കേ പെരുവാന്തി മഞ്ചേരി കുഴിച്ചാൽ കുടിവെള്ള പദ്ധതി | 956687 | 543313 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 3 ലക്ഷം രൂപ | എമ്മനക്കണ്ടി അംഗൺവാടി | 247035 | 52965 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി | അംഗണവാടി | 255653 | 112000 | 0 | 112000 |

| | | | | | |
|---|---|---|---|---|---|
| ഇലക്ട്രിക്കൽ വിങ്ങ് | വൈദ്യുതീകരണം | | | | |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ് | അംഗണവാടി വൈദ്യുതീകരണം | 255654 | 50000 | 0 | 50000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ് | മൃഗാശുപത്രി നവീകരണം | 255655 | 72000 | 0 | 72000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ് | വനിതാ കാന്റീൻ നവീകരണം | 255594 | 23973 | 0 | 23973 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ് | എടച്ചേരിച്ചാൽ സാംസ്കാരിക നിലയം നവീകരണം | 255593 | 87000 | 0 | 87000 |
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ് | ഓഫീസ് ഇലക്ട്രിഫിക്കേഷൻ എർത്തിംഗ് | | 45000 | 0 | 45000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 4,60,000/- രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു .

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | കൃഷ്ണകുമാർ ,കീഴന,ആവള പി.ഒ | ബ്രദേർസ് കലാസമിതി ബിൽഡിംഗ് | 32190 | 60,000 | - | 60,000 |
| 2 | മനോജ് എടപ്പോത്ത് മീത്തൽ | ആവള കരിയാട്ടിൽ ടെമ്പിൾ റോഡ് | 20976 | 1,00,000 | - | 1,00,000 |
| 3 | ഇ.സി.ബാലൻ,എടച്ചേരിച്ചാലിൽ ,മുയിപ്പോത്ത് | എടച്ചേരിച്ചാൽ കോളനി ഫുട്പാത്ത് എം.പി.ഫണ്ട്. | 20977 | 2,40,000 | - | 2,40,000 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല .

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | സ ഉ (സാധാ) 646/2010 തി. 25.02.2010 | | 6801750 | 1363350 | -- | 5438400 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1105611 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1105611 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1095611 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ ഓപ്പ്- ഹോസ്പിറ്റൽ (ഷെയർ) | 10000 |
| ആകെ | 10000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-2002 | 3-1 | 2005-06 | 7(1) | ആർ.എം.എഫ് .ഔദ്യോഗിക രസീതിയില്ല |
| 2000-2001 | ഭാഗം ഒന്ന് | 2005-2006 | 11(1) | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,75,84,651 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,52,63,648 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 37129 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2472923 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 31539 | ചിത്രു ബാനു, രവീന്ദ്രൻ ,അസി.എഞ്ചിനീയർ<br>എ.എം.മാധവൻ ,അസി.എക്സി.എഞ്ചിനീയർ |
| 3-4 | | 5590 | ലിജി.ടി.എൻഅസി.എഞ്ചിനീയർ,<br>എ.എം.മാധവൻ ,അസി.എക്സി.എഞ്ചിനീയർ |
| ആകെ | 12231 | 37129 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 2,40,000 | പി.സുരേഷ്,സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്. |
| 3-11 | 563160 | ശ്രീമതി.ഡോണ കുരുപ്പള്ളി,കൃഷി ഓഫീസർ |
| 3-12 | 12,32,500/- | പി.പി.മണിയപ്പൻ അസി.സെക്രട്ടറി- 6,20,000 |
| | | പി.സുരേഷ്സെക്രട്ടറി 300000 |
| | | ഡോ.അമൂല്യ.പി.എൻ , വെറ്ററിനറി സർജൻ , 312500 |
| 3-14 | 300000 | ശ്രീ.ശ്രീധരൻ.കെ, ഹെഡ്മാസ്റ്റർ |
| 3-16 | 137263 | ശ്രീ. ശ്രീധരൻ.കെ, ഹെഡ് മാസ്റ്റർ |
| ആകെ | 2472923 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2(1)

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ചിത്രഭാനു രവീന്ദ്രൻ ,അസി.എഞ്ചിനീയർ | ലഭ്യമല്ല | ചിത്തിരബാനു<br>രവീന്ദ്രൻ<br>പുനത്തിപ്പടി വീട്<br>എടക്കാട് -പി.ഒ<br>കോഴിക്കോട്-673005 |
| ലിജി.ടി.എൻ<br>അസി.എഞ്ചിനീയർ | | തറയിൽ വീട്<br>വാവക്കാട്<br>മൂത്തകുന്നം പി.ഒ<br>നോർത്ത് പറവൂർ -683516 |
| ഡോ. അമൂല്യ പി എൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ,ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | തെരുവിൻ പുരയിൻ വീട്<br>അത്തോളി പി.ഒ<br>673315 |
| ശ്രീ. മാധവൻ. എ.എം., അസി. എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി സബ് ഡിവിഷൻ, പേരാമ്പ്ര | സൗപർണ്ണിക,<br>നടുവണ്ണൂർ<br>കോഴിക്കോട്-673 614 |
| പി.സുരേഷ്സെക്രട്ടറി | സെക്രട്ടറി ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് | പറമ്പത്ത് വീട്<br>ചോറോഡ് ഈസ്റ്റ്<br>പി.ഒ.വടകര |
| പി.പി.മണിയപ്പൻ അസി.സെക്രട്ടറി | | പീടികപറമ്പിൽ വീട്<br>കാഞ്ഞിരപ്പള്ളി പി.ഒ<br>പിൻ 686507 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.പി2/961/00/31-3-2000 | 7 | |
| 1997-98(വരവ്) | എൽ.എഫ്യഎസ്2/416/95 തി 22-01.2004 | 14 | |

| | | | |
|---|---|---|---|
| 1997-98(ചെലവ്) | “ /771/95 തി.4-10-2001 | 14 | |
| 1998-99 | “ പി2/732/03/3112.2003 | 14 | |
| 1999-2000 | “ പി4/1344/09/10-3-2010 | 01 | |
| 2000-2001 | “ /743/12 തി. 11-6-12 | 5 | |
| 2001-2002 | “ /744/12 തി. 11-6-12 | 5 | |
| 2002-2003(വരവ്) | “ /827/07 തി.5-10-2007 | 02 | |
| 2002-2003(ചെലവ്) | “ /331/06 തി.12-4-2007 | 23 | |
| 2003-2004 | “ /182/08 തി.2-9-2008 | 01 | |
| 2004-2005 | “ /183/08 തി.2-9-2008 | 15 | |
| 2005-2006 | “ /1218/08 തി. 5-1-2009 | 19 | |
| 2006-2007 | “ /746/12 തി.11-6-12 | 34 | |
| 2007-2008 | “ /748/12 തി.11-6-12 | 23 | |
| 2008-2009 | “ /749/12 തി. 11-6-12 | 26 | |
| 2009-2010 | “ /749/12 തി.3-7-12 | 15 | |
| 2010-11, 2011-12 | “പി4/11/2013 | 27 | |
| 2012-13 | കെ എസ് എ കെ കെ ഡി.പി4/1457/14 തി. 13.01.2016 | 23 | |
| 2013-14 | കെ എസ് എ കെ കെ ഡി.പി4/1209/2016 | 19 | |
| 2014-15 | 12.07.2016 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.കെ.കെ.ഡി.പി.4/2075/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012

തിയ്യതി. 30.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

KSA.KKD-P4 /2075/2016

Kerala State Audit Department
District Audit Office, Kozhikode
Phone: 0495-2371012
E-mail:dokkd.ksad@kerala.gov.in
Date: 30.11.2016

# Audit Certificate

Certified that I have audited the Annual Financial Statement of Cheruvannur Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Cheruvannur Grama Panchayat for the year 2015-16 except the observations in My audit report properly presents the picture of income and expenditure .

DEPUTY DIRECTOR

Kerala State Audit Department, District Audit Office, Kozhikode.